അംഗനവാടികളിൽ ഐ. സി. ഡി. എസ്. മുഖേന വിതരണം ചെയ്യുന്ന ക്ഷേണ സാധനങ്ങൾ

1234. [1846] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗനവാടികളിൽ ഐ. സി. ഡി. എസ്. മുഖേന എന്തെല്ലാം ക്ഷേമസാധനങ്ങളാണ് വിതരണം ചെയ്യുന്നത് ;

(ബി) ഇവ കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) അനുപൂരക പോഷകാഹാരത്തിനായി അംഗനവാടികളിൽ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് കെയർ സംഘടനയിൽ നിന്നും ലഭിക്കുന്ന സി. എസ്. എം- സസ്യഎണ്ണയും അല്ലെങ്കിൽ ഡബ്ല്യു. എസ്. പി. യിൽ നിന്നും കിട്ടുന്ന ബേക്കർവിറും സസ്യ എണ്ണയും ആണ് ക്ഷേണ പദാർത്ഥമായി നൽകുന്നത്. ഇതുകൂടാതെ ഗുണഭോക്താക്കളിൽ 3 വയസിനും 6 വയസിനും ഇടയ്ക്കുള്ളതും അനൗപചാരിക നഴ്സറി വിദ്യാഭ്യാസത്തിന് ചേർത്തിട്ടുള്ളതുമായ കുട്ടികൾക്ക് ദിവസം ഒരു പ്രാവശ്യം കൂടി കഞ്ഞിയും നൽകുകയും ചെയ്യുന്നുണ്ട്.

(ബി) ചില പ്രോജക്ടുകളിലെ അംഗനവാടികളിൽ ക്ഷേണ വിതരണം കൃത്യമായി നടക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ക്ഷേണ വിതരണം വേണ്ട രീതിയിൽ നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ എല്ലാ പ്രോജക്ടാഫീസർമാർക്കും നല്കുകയും സംസ്ഥാനതല ഉദ്യോഗസ്ഥൻമാർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്യാറുണ്ട്.

Kasargode District Co-operative Bank

1235. [1847] **Dr. A. Subba Rao** Will the Education Minister be pleased to state :

(a) Who are the members of the Board of directors of the Kasargode District Co-operative Bank recently constituted ;

(b) What is the criterion for nominating the members to the Board of Directors ;

(c) Whether there are any members of the opposition parties in the Board of Directors; and if so, who are the members;

(d) Why were the members representing the Service Societies in the Kasargod District, who were the members in the Board of Directors in the Cannanore District Central Co-operative Bank not nominated in the newly formed Kasargod District Co-operative Bank?

LIBRARY ARCHIVES Kerala Legislative Assembly

Answer

(a) The "following are the members of the recently constituted Board of Directors of the Kasargode District Co-operative Bank.

1. Shri N. K. Balakrishnan,
   President, Nileswar Service Co-operative Bank, Nileswar.
2. Shri G. Gangadharan Nair,
   President, Periya Service Co-operative Bank, Periya P.O.
3. Shri V. Kunhambadi Master,
   Ori House, P.O. Cheruvathur.
4. Shri P. A. Ashraf Ali,
   Eriyal, Audilu, Kasargod.
5. Shri A. Mammooty, Advocate,
   President, Cheruvathur Farmers Service Co-operative Bank,
   P.O. Cheruvathur.
6. Sri Narayana Naik,
   President, Delambadi Service Co-operative Bank,
   P.O. Delambadi.
7. Sri V. K. Sreedharan Nair,
   Advocate, Kasargode.
8. Sri C. T. Ahamed Ali, M. L. A.,
   Kasargode.
9. The Joint Registrar of Co-operative Societies, Kasargod.

(b) Members to the Board of Directors were nominated as per clause 25(a) of the byelaws of the bank.

(c) Directors were not nominated on party consideration.

(d) According to the byelaws of the bank it was not obligatory to nominate any Director of the Cannanore District Co-operative Bank in the first set of Board of Directors of the Kasargod District Co-operative Bank.

സംസ്ഥാനത്ത് നിലവിലുള്ള പ്രിന്റിംഗ് പ്രസ്സുകൾ

1236. [1848] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് പ്രസ്സുകൾ ഉണ്ട്; അതിൽ നിയമനത്തിനുള്ള മാനദണ്ഡം എന്താണെന്നു വ്യക്തമാക്കാമോ ?

(ബി) നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള അച്ചടി ജോലികൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് ഈ പ്രസ്സുകൾ മതിയാകുന്നതാണോ ;

(സി) കൂടുതൽ പ്രസ്സുകൾ തുടങ്ങാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly